**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5783** **02-07-2019-ലെ മറുപടി**

## <u>മഴവെള്ളം സംഭരിച്ച് കുടിവെള്ളം നൽകാൻ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.വി.വിജയദാസ്** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തു ലഭിക്കുന്ന മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (എ) | ജലനിധിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഴകേന്ദ്രം സംസ്ഥാന പ്ലാൻസ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മഴവെള്ളം സംഭരണം- ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി 34 ഗ്രാമപഞ്ചായത്തുകളിലെ 7100 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള ജലസംഭരണികൾ നിർമ്മിച്ചു നൽകുകയുണ്ടായി. പദ്ധതിയുടെ ആനുകൂല്യം കൂടുതലായും മലയോര തീരഗ്രാമപഞ്ചായത്തുകൾക്കും ബി.പി.എൽ വിഭാഗത്തിൽ പെടുന്ന കുടുംബങ്ങൾക്കും ആണ് ലഭ്യമാക്കുന്നത്. ഈ സാമ്പത്തികവർഷത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലെ 1000 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ശേഷിയുള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചുനൽകുവാൻ ലക്ഷ്യമിടുന്നു. ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി. ഈ പദ്ധതിയിലൂടെ ഓരോ വ്യക്തിഗത കുടുംബങ്ങളിലുമായി 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് |

| | | | |
|---|---|---|---|
| | | | കുടിവെള്ളമായി ഉപയോഗിക്കാൻ സാദ്ധ്യമാക്കുന്നുണ്ട്. തുടർന്നുവരുന്ന വർഷങ്ങളിലും ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നു. 2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി 13304 മഴവെള്ള സംഭരണികൾ നിർമ്മിച്ച് ഗാർഹിക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 2012-19 കാലയളവിൽ നടപ്പിലാക്കുന്ന ജലനിധി രണ്ടാം ഘട്ടപദ്ധതിയുടെ ഭാഗമായി ഇതിനകം 10047 മഴവെള്ള സംഭരണികൾ നിർമ്മിച്ച് ഗുണഭോക്താക്കളെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) | മഴവെള്ളം വ്യാവസായിക അടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് ജല അതോറിറ്റി മുഖേന നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | മഴവെള്ളം വ്യാവസായികാടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം നടത്തുന്നതു സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി നാളിതുവരെ പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ